# പഞ്ചായത്ത് ഡയറക്ടറുടെ നടപടിക്രമങ്ങൾ.

**(ഹാജർ: ശ്രീമതി പി. മേരിക്കുട്ടി IAS)**

വിഷയം: പഞ്ചായത്ത് വകുപ്പ് - ഭരണ ജാഗ്രത - കോട്ടയം ജില്ല - കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്ത് മുൻ അക്കൗണ്ടന്റ് ശ്രീ. വി. വിനോദ് കുമാറിന്റെ 28/10/2016 മുതൽ 08/03/2017വരെയുള്ള സസ്പെൻഷൻകാലം ക്രമീകരിച്ച് ഉത്തരവാകുന്നു.

പരാമർശം : 1. ഈ ഓഫീസിലെ 25/10/2016ലെ ഇതേ നമ്പർ ഉത്തരവ്

3. സ:ഉ:(സാധാ)നം: 207/2017/തസ്വഭവ, തീയതി 25/01/2017

4. ഈ ഓഫീസിലെ 18/11/2017ലെ ഇതേ നമ്പർ ഉത്തരവ്

**ഉത്തരവ് നമ്പർ ഡി5 – 33892/2016 തീയതി: 08/12/2017**

കാഞ്ഞിരപ്പള്ളി ഗ്രാമ പഞ്ചായത്ത് അക്കൗണ്ടന്റ് ശ്രീ. വി.വിനോദ്കുമാർ, കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലെ ജീവനക്കാരെയും കുടുംബാംഗങ്ങളേയും ടി ഓഫീസിനെത്തന്നെയും അപകീർത്തിപ്പെടുത്തിക്കൊണ്ടും അസഭ്യം പറഞ്ഞു കൊണ്ടും 234 അംഗങ്ങളുള്ള **ktm e-Panchayat** എന്ന **whatsapp** ഗ്രൂപ്പിൽ പോസ്റ്റ് ചെയ്തതായി കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ് ജീവനക്കാരുടെ പരാതിയെതുടർന്ന് ടി വിഷയത്തിൽ പ്രാഥമിക അന്വേഷണം നടത്തി പരാതിയിൽ പറയുന്ന കാര്യങ്ങൾ ചെയ്തതായി ബോധ്യപ്പെട്ടുവെന്ന കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം ടിയാനെ വിശദമായ അന്വേഷണത്തിനും അച്ചടക്കനടപടിക്കും വിധേയമായി സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തുകൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

ടി ഉത്തരവിനെതിരെ ടിയാൻ സർക്കാരിലേക്ക് സമർപ്പിച്ച അപ്പീൽ അപേക്ഷ പരിഗണിച്ച് ടിയാനെതിരെയുള്ള ആരോപണം നിലനിൽകുന്നതല്ലെന്ന് കണ്ട് സർക്കാർ സസ്പെൻഷൻ പിൻവലിച്ച് പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു. തുടർന്ന് ടിയാനെതിരെ ആരംഭിച്ച അച്ചടക്ക നടപടി പരാമർശം (3) പ്രകാരം ടിയാനെ കുറ്റവിമുക്തനാക്കി ഉത്തരവായിരുന്നു. ടിയാന്റെ സസ്പെൻഷൻകാലം 28/10/2016 മുതൽ 08/03/2017വരെയായിരുന്നു എന്ന് ഇടുക്കി ജില്ലയിലെ വട്ടവട ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിരുന്നു.

ഈ സാഹചര്യത്തിൽ ശ്രീ. വി.വിനോദ്കുമാറിന്റെ 28/10/2016 മുതൽ 08/03/2017 വരെയുള്ള സസ്പെൻഷൻകാലം എല്ലാ ആവശ്യങ്ങൾക്കും ഡ്യൂട്ടിയായി പരിഗണിച്ച് ക്രമീകരിച്ച് ഉത്തരവാകുന്നു.

(ഒപ്പ്)

**പി. മേരിക്കുട്ടി IAS**

പഞ്ചായത്ത് ഡയറക്ടർ

ഡി5

ശ്രീ. വി.വിനോദ് കുമാർ
മുട്ടുമ്മൽ ഹൗസ്, കരിക്കാട്ടൂർ പി.ഒ
കോട്ടയം - 686544

**പകർപ്പ്**

1. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം / ഇടുക്കി
2. സെക്രട്ടറി, കാഞ്ഞിരപ്പള്ളി / വട്ടവട ഗ്രാമപഞ്ചായത്ത്,
3. കരുതൽ / അധികം

**// ഉത്തരവിൻ പ്രകാരം //**

**സൂപ്രണ്ട്**